**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

# പോലീസ് വകുപ്പിലെ സി.എ.ക്കും മാനേജർക്കുമെതിരെയുള്ള പരാതികൾ

| നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ.3381 | 22.08.2017-ൽ മറുപടിക്ക് |
|---|---|
| **ചോദ്യം** | **മറുപടി** |
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പോലീസ് ആസ്ഥാനത്തെ എ.ഐ.ജി. യുടെ സി.എ. ആയ ശ്രീ. രാമരാജന് എതിരെ വനിതാ പോലീസുകാരി നൽകിയ പരാതിയിലും എറണാകുളം സിറ്റി മാനേജർ ശ്രീ. ഷാജു ജേക്കബിനെതിരെ വനിതാ ജീവനക്കാരി നൽകിയ പരാതിയിലും എന്ത് നടപടി സ്വീകരിച്ചു; | എ) | പോലീസ് ആസ്ഥാനത്തെ എ.ഐ.ജി. യുടെ സി.എ. ആയ ശ്രീ. രാമരാജന് എതിരെ വനിതാ പോലീസുകാരി നൽകിയ പരാതിയിന്മേൽ വനിതാ ബറ്റാലിയൻ കമാണ്ടന്റ് അന്വേഷണം നടത്തി വരുന്നതാണ്.<br>കൊച്ചി പോലീസ് ഓഫീസിലെ മാനേജരായ ശ്രീ.ഷാജു ജേക്കബിനെതിരെ പരാതി ലഭിച്ചതായി കാണുന്നില്ല. എന്നാൽ എറണാകുളം സിറ്റി പോലീസ് മേധാവിയുടെ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.ഷാജു ജേക്കബിനെ വൈപ്പിൻ ബീച്ചിൽ വച്ച് ഒരു യുവതിയുമായി നാട്ടുകാർ പിടികൂടിയ സംഭവവുമായി ബന്ധപ്പെട്ട് ശ്രീ.ഷാജു ജേക്കബ് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| ബി) | പോലീസ് ആസ്ഥാനത്തെ സി.എ.ക്ക് എതിരെ മുൻപ് സമാന രീതിയിലുള്ള പരാതിയിലും പത്മനാഭസ്വാമി ക്ഷേത്രത്തിലെ പോലീസുകാരുടെ സ്ഥലം മാറ്റത്തിന്റെ ഓർഡർ ചോർത്തിയതായ പരാതിയിലും എന്ത് നടപടി സ്വീകരിച്ചു; | ബി) | ഇത്തരത്തിലുള്ള പരാതി ലഭിച്ചതായി കാണുന്നില്ല |
| സി) | മുൻപ് പോലീസ് ആസ്ഥാനത്തെ ജീവനക്കാരെ ഭീഷണിപ്പെടുത്തി പണപ്പിരിവ് നടത്തിയതുമായി ബന്ധപ്പെട്ട പരാതിയിൽ ടിയാനെ തിരു: റൂറലിലേക്ക് സ്ഥലം മാറ്റുകയും തുടർന്ന് അന്വേഷണം നടക്കുകയും ചെയ്തിരുന്നോ; പ്രസ്തുത അന്വേഷണത്തിന്റെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | സി) | |

| | | | |
|---|---|---|---|
| ഡി) | ആരോപണവിധേയർ തൽസ്ഥാനങ്ങളിൽ തുടരുന്നത് അന്വേഷണത്തെ ബാധിക്കുന്നതിനാൽ അന്വേഷണം കഴിയും വരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റി നിർത്തുമോ? | ഡി) | വനിതാ പോലീസുകാരി ആരോപണവിധേയനെതിരെ നൽകിയ പരാതിയിന്മേൽ പരാതിക്കാരിക്ക് നീതി ലഭ്യമാകുമെന്ന് ഉറപ്പാക്കുന്നതിനായി വനിതാ ബറ്റാലിയൻ കമാണ്ടന്റാണ് അന്വേഷണം നടത്തി വരുന്നത്. ഇക്കാര്യത്തിൽ നീതിയുക്തമായ അന്വേഷണമാണ് നടന്നു വരുന്നത്. |

**സെക്ഷൻ ഓഫീസർ**